# ഉള്ളടക്കം


| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1-4 |
| 2 | അക്കാദമികം നിലവിലുള്ള പ്രവർത്തനം | 5-12 |
| 3 | പ്രവർത്തനങ്ങൾ | 13-21 |
| 4. | ഉപസംഹാരം. | 22 |




# ആമുഖം

## സ്കൂൾ ഇന്നലെകളിൽ

ജി. എൽ. പി. എസ്. എടപ്പറമ്പ എന്ന വിദ്യാലയം ദേലംപാടി ഗ്രാമ പഞ്ചായത്തിലെ അഡൂർ വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്. 1952 ൽ എടപ്പറമ്പ എന്ന സ്ഥലത്ത് നാട്ടുകാർ ചേർന്ന് പുല്ലുമേഞ്ഞ ഒരു കെട്ടിടം നിർമ്മിക്കുകയും ശ്രീ കേളു മാസ്റ്റർ എന്ന വ്യക്തിയെ അധ്യാപകനായി ചുമതലപ്പെടുത്തുകയും ചെയ്തു. ശേഷം 1954 ൽ സർവ്വേ നമ്പർ 918/1A എന്ന നമ്പർ പ്രകാരം 58 സെന്റ് സ്ഥലം കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥനായ നാരമ്പാടി ശ്രീ കുഞ്ഞപ്പ മണിയാണി അവർകളും സൗജന്യമായി നൽകുകയുണ്ടായി. ഈ ഭൂമിയുമായി ബന്ധപ്പെട്ട രേഖകൾ അന്നത്തെ മദ്രാസ് ഗവൺമെന്റിനു കീഴിലുള്ള സൗത്ത് കാനറ ഡിസ്ട്രിക്ട് ബോർഡിന് കൈമാറി. ശേഷം കാസർഗോഡ് AEO അവർകളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ ഈ സ്ഥലം സന്ദർശിച്ച് സൗത്ത് കാനറ

ഡിസ്ട്രിക്ട് ബോർഡിന് ഏകോപാധ്യായ കന്നട മീഡിയം സ്കൂൾ ആരംഭിക്കുന്നതിന് ഡിസ്ട്രിക്ട് ബോർഡ് അനുമതി നൽകി.

1956 നവംബർ 1ന് കേരള സംസ്ഥാനം രൂപീകരിച്ചതിനു ശേഷം ഈ വിദ്യാലയം 30-01-1957 ൽ കെ. എസ്. ടി. ഒ. ആർ. സി. 404/06/56 നമ്പർ പ്രകാരം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായി. തുടർന്ന് 20x10x½ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം PWD എഞ്ചിനീയർ അന്നത്തെ H-M ആയ ശ്രീമതി ഗോപി ടീച്ചർക്ക് കൈമാറി. ശേഷം ആവശ്യമായ അധ്യാപകരെ നിയമിക്കുകയും ധാരാളം കുട്ടികൾ തുടർന്ന് വിദ്യ അഭ്യസിച്ചു വരികയും ഉണ്ടായി.


1998-ൽ PTA പ്രസിഡന്റ് ആയിരുന്ന ഇബ്രാഹിമിന്റെ കഠിന പരിശ്രമത്തിന്റെ ഫലമായി മലയാളം മീഡിയം ആരംഭിച്ചു. നിലവിൽ 1 മുതൽ 4 വരെ മലയാളം, കന്നഡ മീഡിയം എന്നിങ്ങനെ രണ്ട് ഭാഷകളിൽ വിദ്യാലയം പ്രവർത്തിച്ചു വരുന്നു.

പ്രകൃതി രമണീയവും ജനവാസം വളരെ കുറഞ്ഞതുമായ ഉടെമ്പന, ബൈത്തു-ച്ചേരി, സഞ്ചാകടവ്, ബേലനടുക്ക, മണ്ടേക്കാപ്പ്, ചീനപ്പാടി, തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള

വളരെ പാവപ്പെട്ട വീടുകളിൽ നിന്നുള്ള കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.

ഗ്രാമത്തിലെ ഉൾപ്രദേശത്തുള്ള ഒരു വിദ്യാലയമായതിനാൽ അനേക കിലോമീറ്റർ ദൂരത്തു നിന്നു വരെ കുട്ടികൾ ഇവിടെ നടന്ന് എത്തിച്ചേർന്നിരുന്നു. വാഹന സൗകര്യത്തിന്റെ അഭാവം വളരെയധികം ബാധിക്കുന്ന ഒരു വിദ്യാലയമായിരുന്നു ഇത്. വിദ്യാലയത്തിന് സമീപമുള്ള പയസ്വിനിപ്പുഴയിൽ മഴക്കാലത്ത് വെള്ളം നിറയുമ്പോൾ തോണിയിൽ കടന്നു മാർഗത്തിലൂടെ വളരെ കഷ്ടത അനുഭവിച്ചാണ് അന്ന കാലങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും എത്തിയിരുന്നത്. പിന്നീട് സമീപ പ്രദേശമായ അഡൂർ ഉപ്പാരം വരെ ഉയർത്തിയതും വിദ്യാലയത്തിന് ഗുണകരമായി.

ഏകദേശം രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ നിന്നും വിദ്യ അഭ്യസിച്ച് പുറത്തിറങ്ങിയിട്ടുണ്ട്. മൂന്നു കോള-നികളിൽ നിന്നുള്ള കുട്ടികളുടെയും മറ്റ് പാവ-പ്പെട്ട കുട്ടികളുടെയും ഏക ആശ്രയമായിരുന്നു ഈ വിദ്യാലയം.



# സ്കൂൾ ഇന്ന്.

GLPS ചെടേഷറമ്പ സ്കൂളിൽ 2025-26 അധ്യയന വർഷത്തിൽ ആകെ കുട്ടികളുടെ എണ്ണം 124 ആണ്. ഇത് 69 ആൺകുട്ടികളും 55 പെൺകുട്ടികളുമാണ്. ഒന്നാം ക്ലാസിൽ മലയാളം കന്നഡ വിഭാഗങ്ങളിലായി കുട്ടികളും. രണ്ടാം ക്ലാസിൽ രണ്ടു വിഭാഗങ്ങളിലും കൂടി കുട്ടികളും മൂന്നാം ക്ലാസിൽ കുട്ടികളും നാലാം ക്ലാസിൽ കുട്ടികളും വിദ്യ അഭ്യസിക്കുന്നു. ഇതു കൂടാതെ PTA യുടെ കീഴിൽ പ്രവർത്തിക്കുന്ന pre-primary class ൽ 23 കുട്ടികളും വിദ്യ അഭ്യസിക്കുന്നു.

ശ്രീ സദാശിവ ശർമ്മ അവർകളാണ് സ്കൂളിന്റെ പ്രധാന അധ്യാപകൻ. മലയാളം വിഭാഗത്തിൽ 4 അധ്യാപകരും കന്നഡ വിഭാഗത്തിൽ 4 അധ്യാപകരും pre-primary ൽ ഒരു അധ്യാപികയും സേവനമനുഷ്ഠിക്കുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ ഒരു മികച്ച തലമുറയെ വാർത്തെടുക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി.

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം.

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക. ക്ലാസ്സ്റൂം പഠനത്തിന് അനുയോജ്യമായി അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചിത സമയം ഉറപ്പുവരുത്തുക. സ്കൂൾ S.R.G കൾ വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക. ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിർദ്ദിഷ്ട ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. പാഠ്യപാഠ്യേതരങ്ങളായ വിവിധ പ്രവർത്തനങ്ങളിലൂടെ നമ്മുടെ കുട്ടികളുടെ സമഗ്ര ഉന്നമനമാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

# അക്കാദമികം.

## മുന്നൊരുക്കം [സമഗ്രമായ പ്രവർത്തനങ്ങൾ]

സ്കൂൾ തുറന്ന് രണ്ടാഴ്ചക്കാലം കുട്ടികൾക്ക് പാഠപുസ്തകങ്ങൾ മാറ്റിവെച്ച് അവരുടെ സാമൂഹികവും ബുദ്ധിപരവും വൈകാരികവുമായ കഴിവുകൾ അളക്കുന്നതിനും അത് വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നൽകുന്നു. കൂടാതെ പൊതുവിജ്ഞാനങ്ങളെ കുറിച്ചുള്ള അറിവും വ്യക്തിത്വ വികസനത്തിനുള്ള പ്രവർത്തനങ്ങളും നൽകുന്നു.

## ഒന്നൊരുക്കം [വിദ്യാ പ്രവേശ്]

അറിവിന്റെ മുറ്റത്തേക്ക് വരുന്ന കുരുന്നുകളെ ആഘോഷപൂർവം സ്വീകരിക്കുന്നതിന് സ്കൂൾ ഒരുങ്ങി. പാട്ട്, കളിവിടൽ, മഴനടത്തം, അഭിനയം, കഥാവേള തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ഒന്നാം ക്ലാസ്സിനെ അറിവിന്റെ ആദ്യപടിയിലേക്ക് കൊണ്ടുവരികയുണ്ടായി.

ലൈബ്രറി പുസ്തകം നൽകൽ.

കൃത്യമായ ഇടവേളകളിൽ കുട്ടികൾക്ക് ലൈബ്രറി ബുക്കുകൾ നൽകുകയും കുട്ടികൾ അവ വീടുകളിൽ കൊണ്ടുപോയി വായിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

സ്കൂൾ ലൈബ്രറി നവീകരണം.

ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുഞ്ഞു വായനാ പദ്ധതിയുടെ ഭാഗമായി ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ലഭിച്ചു. കൂടാതെ കുട്ടികൾ തങ്ങളുടെ പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകി വരുന്നു.

പത്രവായന.

സ്കൂൾ അസംബ്ലിയിൽ പത്ര വായന നടത്തിവരുന്നു. അടൂർ ഏജന്റ് വഴി സുപ്രഭാതം പത്രം സ്കൂളിൽ ലഭ്യമാക്കിയിട്ടുണ്ട്.

മലയാളത്തിളക്കം.

അക്ഷരമറിയാത്ത കുട്ടികളെ കണ്ടെത്തി അക്ഷര ക്ലാസ്സ് നടത്തുന്നു.

## ദിനാഘോഷങ്ങൾ പരിഗണിക്കൽ

ദിനാഘോഷങ്ങൾ പ്രത്യേക പ്രവർത്തന പാക്കേജ് നടത്തിവരുന്നു. IED അധ്യാപകരുടെ സേവനം.

## വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം.

സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ കീഴിൽ ധാരാളം പ്രവർത്തനങ്ങൾ നടത്തിവരുന്നു. കയ്യെഴുത്തു മാസിക തയ്യാറാക്കൽ, ആഴ്ചയിൽ ഒരു ദിവസം കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരം ഒരുക്കൽ വിദ്യാരംഗവുമായി ബന്ധപ്പെട്ട് ഉപജില്ല ജില്ല മത്സരങ്ങളിൽ കുട്ടികളെ മത്സരിപ്പിക്കുകയും ചെയ്യുന്നു.

## സോഷ്യൽ സയൻസ് ക്ലബ്ബ്

സാമൂഹിക ശാസ്ത്രപരമായ കാര്യങ്ങളിൽ കുട്ടികൾക്ക് അവബോധം സൃഷ്ടിക്കാൻ കുട്ടികൾക്ക് സോഷ്യൽ സയൻസ് ക്ലബ്ബ് ഒരുക്കുന്നു. ഇതുമായി ബന്ധപ്പെട്ട് എല്ലാ ദിനാചരണങ്ങളും നടത്തി വരുന്നു.

## ഗണിതശാസ്ത്ര ക്ലബ്ബ്.

ഗണിതപരമായ ആശയങ്ങൾ കുട്ടികളിൽ വളർത്തുന്നതിന്റെ ഭാഗമായി സ്കൂളിൽ

ഒരു ഗണിത ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു. ഗണിതാശയങ്ങൾ ലളിതവും വിരസത കുറഞ്ഞതുമാക്കാൻ കുട്ടികൾക്ക് ഗണിതം അനായാസം കൈകാര്യം ചെയ്യാനും ഈ ക്ലബ്ബിലൂടെ സാധിക്കുന്നു.

## സയൻസ് ക്ലബ്ബ്.

ശാസ്ത്രാവബോധം വളർത്താൻ സ്കൂളിൽ ഒരു സയൻസ് ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. ഇതിൻ കീഴിൽ സയൻസ് ക്വിസ് പരീക്ഷണ നിരീക്ഷണങ്ങൾ തുടങ്ങിയവയും സയൻസുമായി ബന്ധപ്പെട്ട ദിനാചരണങ്ങളും നടത്തിവരുന്നു.

## Eco club

സ്കൂൾ Eco club വളരെ സജീവമായി ഇവിടെ പ്രവർത്തിച്ചുവരുന്നു. പരിസ്ഥിതി ദിനാചരണങ്ങൾ കർഷകദിനം കൃഷി പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ ക്ലാസ് ജല സംരക്ഷണം, വൃക്ഷ സംരക്ഷണം തുടങ്ങിയ വേറിട്ട പ്രവർത്തനങ്ങളിലൂടെ ഈ ക്ലബ്ബിന്റെ പ്രവർത്തനം സജീവമാകുന്നു.

## സീഡ് ക്ലബ്ബ്.

സമൂഹ നന്മ കുട്ടികളിലൂടെ എന്ന് പ്രവർത്തിക്കുന്ന ഒരു ക്ലബ്ബാണ് മാതൃഭൂമി സീഡ് ക്ലബ്ബ്. വളർന്നു വരുന്ന വിദ്യാർത്ഥി സമൂഹത്തിന്

പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം നൽകുകയും വെള്ളം, വായു, മണ്ണ് എന്നിവ സംരക്ഷിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. ഈ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വളരെ വിപുലമായ രീതിയിൽ സ്കൂളിൽ നടത്തിവരുന്നു.

## Energy Club

ഊർജ്ജ സംരക്ഷണത്തിന് വളരെ പ്രാധാന്യമുള്ള ഈ കാലഘട്ടത്തിൽ കുട്ടികളിൽ ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിന് ഈ ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. ഒരാഴ്ച്ച അദ്ധ്യാപകരും വിദ്യാർത്ഥികളും വസ്ത്രങ്ങൾ ഇസ്തിരിയിടാതെ No iron Week ആയി ആചരിക്കുകയും ഊർജ്ജ സംരക്ഷണ പോസ്റ്റർ രചന, ചിത്രരചനാ മത്സരം തുടങ്ങിയവയും നടത്തുകയുണ്ടായി.

## Work Experience Club.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് പകർന്ന് നൽകാൻ work experience Club പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് വിവിധ ക്രാഫ്റ്റ് വർക്കുകളിൽ

പരിശീലനം നൽകി വരുന്നു. പൂവ് നിർമ്മാണം പാവ നിർമ്മാണം കരകൗശലം തുടങ്ങിയവയിൽ പരിശീലനം നൽകുന്നുണ്ട്.

## ദിനാചരണങ്ങൾ

ഓരോ ദിനത്തിന്റെയും പ്രത്യേകതകൾ ഉൾക്കൊണ്ട് ദിനാചരണ വേളകൾ അതാതി എല്ലാ ദിനാചരണങ്ങളും നടത്തിവരുന്നു. ദിനാചരണങ്ങളുടെ ഭാഗമായി പ്രത്യേക അസംബ്ലി ദിനാചരണ ക്വിസ്, പ്രസംഗമത്സരം, പോസ്റ്റർ മത്സരം തുടങ്ങിയവയും നടത്തുന്നു.

## പ്രതിഭാ കേന്ദ്രം.

പട്ടികജാതി പട്ടിക വർഗ്ഗം മതന്യൂനപക്ഷക്കാർക്ക് BRC യുടെ സഹകരണത്തോടെ ഒരു പ്രത്യേക ക്ലാസ്സ് നടത്തിവരുന്നു. കുട്ടികളുടെ സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിന് സഹായകമാണ് ഇത്തരം ക്ലാസ്സുകൾ.

## ഫീൽഡ് ട്രിപ്പ്

കുട്ടികളിൽ നിരീക്ഷണ പാടവവും പ്രകൃതി സ്നേഹം വളർത്തുന്നതിനുമായി ഫീൽഡ് ട്രിപ്പുകൾ നടത്തിവരുന്നു. മൃഗശാല,

പ്രകൃതി നടത്തം വൃക്ഷങ്ങൾ അറിയാം മഴയിൽ നടാം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിനോടനുബന്ധിച്ച് നടത്തിവരുന്നു.

## ഗൃഹസന്ദർശനം.

കുട്ടികളുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകൾ മനസ്സിലാക്കുന്നതിനും വേണ്ടി പ്രധാനാധ്യാപകനും അധ്യാപകരും PTAയും ചേർന്ന് കുട്ടികളുടെ ഗൃഹസന്ദർശനം നടത്തിവരുന്നു.

## കായിക പരിശീലനം.

സബ്ജില്ലാതല കായിക മത്സരയിനങ്ങൾ കുട്ടികൾക്ക് പ്രാപ്തരാകാൻ വേണ്ടി മത്സര സമയങ്ങളിൽ എല്ലാ ദിവസവും കായിക മത്സരാർത്ഥികൾക്ക് പ്രത്യേകം കായിക പരിശീലനം നടത്തിവരുന്നു. ആഴ്ചയിൽ മൂന്നു ദിവസം എല്ലാ കുട്ടികൾക്കും PT നടത്തിവരുന്നു.

## കമ്പ്യൂട്ടർ ക്ലാസ്സ്.

എല്ലാ ക്ലാസ്സിലെ കുട്ടികൾക്കും പീരിഡ് അനുസരിച്ച് പ്രത്യേക കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു.

## വിദ്യാവാഹിനി.


സ്കൂളിലെ ST കുട്ടികളുടെ യാത്രാ സൗകര്യത്തിനായി ഗവൺമെന്റിന്റെ വിദ്യാവാഹിനി പദ്ധതി പ്രവർത്തിക്കുന്നു. 2025-26 വർഷത്തിൽ കുട്ടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

## പച്ചക്കറിത്തോട്ടം.

വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ ഒരു ജൈവ പച്ചക്കറിത്തോട്ടം പരിപാലിച്ചു വരുന്നു.

## സംയുക്ത ഡയറി.

1, 2 ക്ലാസുകളിലെ പാഠ്യ പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയ സചിത്രബുക്ക്, സംയുക്ത ഡയറി, അമ്മ വായന, കുഞ്ഞുവായന, വായനോത്സവം, ഭാഷോത്സവം, രചനോത്സവം തുടങ്ങിയവ ഏറ്റവും നല്ലരീതിയിൽ ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു.



## SEAS

മൂന്നാം ക്ലാസ്സിലെ കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള State Educational Acheivement Survy സ്കൂളിൽ നല്ല രീതിയിൽ നടന്നു വരുന്നു

## LSS പരിശീലനം.

നാലാം ക്ലാസ്സിലെ പഠിതാക്കൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷയായ LSS ന് വേണ്ടി പ്രത്യേക പരിശീലന ക്ലാസ്സുകൾ അധ്യാപകർ നൽകി വരുന്നു. പരമാവധി കുട്ടികൾക്ക് LSS നേടിക്കൊടുക്കുക എന്നതാണ് ലക്ഷ്യം.

# അക്കാദമിക പ്ലാൻ ഉപജില്ല : മലയാളം / കന്നഡ.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|---|
| 1. | കുട്ടികളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | മലയാളത്തിളക്കം / മധുര കന്നഡ.) പ്രീ-ടെസ്റ്റ് നടത്തൽ അക്ഷരം ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ [കുത്ത്, കോമ, ചോദ്യ ചിഹ്നം, ആശ്ചര്യ ചിഹ്നം] അക്ഷര കാർഡ് നൽകൽ [വ്യക്തിഗത വായന, അധ്യാപക വിലയിരുത്തൽ] കുട്ടികൾ സ്വയം വാക്കുകൾ നിർമ്മിക്കുന്നു. ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ, കഥ പറയൽ കഥ ചൊല്ലി എഴുതൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്. | 2 മാസം | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുന്നു | കുഞ്ഞു വായന - കാർഡുകൾ ഉപയോഗിച്ച് കുട്ടികളുടെ വായനാശേഷി വർദ്ധിപ്പിക്കുന്നു. അസംബ്ലിയിലും ക്ലാസ്സ് റൂമിലും ദിവസേന പത്ര വായന. ലൈബ്രറി പുസ്തകങ്ങൾ ഉറക്കെ വായിപ്പിക്കൽ വായനാനുഭവം പങ്കുവയ്ക്കൽ. | വർഷം മുഴുവൻ | |
| 3. | സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കൽ | കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ (കഥ, കവിത ചിത്രം) [illegible] ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കുന്നു.<br><br>അമ്മ വായന :- അമ്മ വായിക്കുന്നു, അമ്മയുടെ സഹായത്തോടെ കുട്ടി വായിക്കുന്നു.<br>രചനോത്സവം : ചിത്രം നൽകി കഥ എഴുതുന്നതു പതിപ്പാക്കുന്നു.<br>ബാലോത്സവം - കല, സാഹിത്യ [illegible] കുട്ടികളുടെ സർഗ്ഗാത്മക വികസിപ്പിക്കൽ | നവം ബർ - | [illegible] |

# അക്കാദമിക പ്ലാൻ - പരിസര പഠനം.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ശാസ്ത്രാഭിരുചി വളർത്തുകയും ശാസ്ത്രീയ നിയമങ്ങളും ദൈനംദിന ജീവിതത്തിൽ പ്രയോഗിക മാക്കുകയും ചെയ്യുന്നു. | ശാസ്ത്ര പ്രദർശനങ്ങൾ ശാസ്ത്ര പുസ്തക പ്രദർശന ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ. പോസ്റ്റർ തയ്യാറാക്കൽ | | SMC SRG |
| 2. | നിരീക്ഷണ പാടവം വർദ്ധിപ്പിക്കൽ | വിത്തുകൾ പാകി വളർച്ച നിരീക്ഷിക്കുന്നു. വളർത്തു ജീവികളുടെ പ്രത്യേകതകൾ കണ്ടെത്തി തരംതിരിക്കുന്നു. പക്ഷി മൃഗാദികളെ നിരീക്ഷിച്ച് നിരീക്ഷണ-കുറിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | |
| 3. | അവബോധം | ക്ലാസ്സിൽ ഒരു First Aid box ഒരുക്കൽ. പ്രഥമ-ചികിൽസയുമായി ബന്ധപ്പെട്ട അറിവുകൾ നേടുന്നതിന് doctor മായി അഭിമുഖം. | | SRG |

| | | | | |
|---|---|---|---|---|
| 4. | ലഘു ചരിത്രങ്ങൾ | വിദഗ്ധരായ അദ്ധ്യാപകരുടെ സഹായത്തോടെ ശാസ്ത്ര സംബന്ധമായ ചരിത്രങ്ങൾ ഉൾപ്പെടുന്ന ഒരു ക്ലാസ്സ്. | | |
| 5 | ഫീൽഡ് ട്രിപ്പ്, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ. | സ്ഥല സന്ദർശനം ഏർപ്പെടുത്തൽ - ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ചാർട്ട് മറ്റ് ഉപകരണങ്ങൾ എന്നിവയുടെ പ്രദർശനം. | | PTA Teachers |

അക്കാദമിക പ്ലാൻ - ഗണിതം.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ഗണിതത്തിലുള്ള പിന്നാക്കാവസ്ഥ പരിഹരിക്കൽ. | സംഖ്യകളുടെ പരിചയപ്പെടുത്തൽ, സംഖ്യാ കാർഡ് നൽകൽ, സംഖ്യാമാല നിർമിക്കൽ ഗണിത പസിലുകൾ etc. വസ്തുക്കളുടെ ഗണിതാശയത്തിൽ താരതമ്യം ചെയ്യൽ [വലുത്, ചെറുത്, നിറഞ്ഞത് കൂടിയത്] | | Teachers |
| 2. | എണ്ണൽ സംഖ്യകളെ തിരിച്ചറിയൽ | മുത്ത്, മഞ്ചാടിക്കുരുക്കൾ തുടങ്ങിയവ ഉപയോഗിച്ച് കുട്ടികളിൽ ദൃഢമായ സംഖ്യാബോധം ഉറപ്പിക്കുന്നു. ICT സാധ്യതകൾ ഉപയോഗിച്ച് എണ്ണൽ സംഖ്യകൾ കുട്ടികൾക്ക് എളുപ്പമാക്കി മാറ്റുന്നു. സംഖ്യാ കാർഡ് ഉപയോഗിച്ച് ഗണിതത്തെ കുട്ടികൾക്ക് ലഘൂകരിക്കത്തക്കതാക്കി മാറ്റുന്നു. | | Teachers |

| | | | | |
|---|---|---|---|---|
| 3. | ചതുരക്കട്ടകൾ ഉപയോഗിച്ചുള്ള ഗുണനം. | ആവർത്തന സങ്കലനമാണ് ഗുണനം എന്ന് കുട്ടികളിൽ ബോധ്യപ്പെടുത്തുന്നു.<br>ഈർക്കിൽ കമ്പുകൾ ഉപയോഗിച്ച് സങ്കലനം ഉറപ്പാക്കുന്നു. | | |

പ്രവർത്തനം : 1

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം.

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനുമുള്ള ശേഷി വർധിപ്പിക്കൽ. | Pre-test നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ ഉപയോഗിക്കൽ. | ആദ്യ മാസം | H.M Teacher SRG. |
| 2. | Communication Skill develop ചെയ്യുക. | English പാഠങ്ങളുമായി ബന്ധപ്പെട്ട് പഠനാന്തരീക്ഷം ഒരുക്കൽ. | | |
| 3. | സർഗാത്മകത. | ആഴ്ചയിൽ ഒരു ദിവസം English assembly നടത്തുക. ഒരു ദിവസം ഒരു English പരിപാടി [action song, skit, story telling ect] | | H.M. Teachers SRG. |

## അക്കാദമികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|---|
| 1. | കുട്ടികളുടെ സാമൂഹിക സാഹചര്യങ്ങൾ മനസ്സിലാക്കൽ | ഫീൽഡ് ട്രിപ്പ്. കുട്ടികളെ കൃത്യമായി സ്കൂളിൽ എത്തിക്കാൻ വേണ്ടിയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഭവന സന്ദർശനം. | | HM PTA |
| 2. | ലൈബ്രറി നവീകരണം. | പിറന്നാൾ ദിവസം കുട്ടികൾ സ്കൂളിലേക്ക് പുസ്തകങ്ങൾ സംഭാവന ചെയ്യുന്നു. ക്ലാസ് PTA, അധ്യാപകർ എന്നിവരുടെ സഹായത്തോടെ വിഭവ സമാഹരണവും പുസ്തക ശേഖരണവും. | | SRG PTA |

മേഖല : അക്കാദമികം

ഉപമേഖല : Work Experience

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | കുട്ടികളുടെ മാനസിക ഉല്ലാസം വർധിപ്പിക്കുക | കുട്ടികൾക്ക് ആഴ്ചയിൽ 3 പിരിയഡ് W.E ഉണ്ട്. പേപ്പർ കൊണ്ട് വിവിധ മാതൃകകൾ പരിശീലിപ്പിക്കൽ. Waste material ഉപയോഗപ്പെടുത്തി അലങ്കാര വസ്തുക്കൾ നിർമിക്കൽ | | |
| 2. | ചിത്രാശേഷി വികസിപ്പിക്കൽ | കുട്ടികളുടെ ചിത്രാശേഷി വികസിപ്പിക്കുന്നതിനായി വിദഗ്ധ പരിശീലനം നൽകൽ | | |

മേഖല : അക്കാദമികം

ഉപമേഖല : P.E.T

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | കുട്ടികളുടെ കായികശേഷി വികസിപ്പിക്കൽ | ദിവസവും കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു. കുട്ടികൾക്ക് നാടൻ കളികളിൽ പരിശീലനം നൽകുന്നു. Mass P.E.T. | | |

# ഉപസംഹാരം

ഒരു നല്ല തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനങ്ങളും കുട്ടികളെ മികച്ച നിലവാരത്തിലേക്ക് ഉയർത്തും എന്ന ദൃഢമായ വിശ്വാസത്തോടെയാണ് ഇതിലെ ഓരോ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിരിക്കുന്നത്. നല്ല ഒരു തലമുറയ്ക്കായ് നമുക്ക് ഒത്തൊരുമിച്ച് അണിചേരാം.

GOVT.LOWER PRIMARY SCHOOL
KASARAGOD
Date..........
YEDAPARAMBA, P.O. URDUR



Govt. L.P. School Yedaparamba
P.O. Urdur - 671 543